പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 831 — 13.6.2012 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ. കളിൽ കാലിക പ്രാധാന്യമുള്ള കോഴ്സുകൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. എം. ഹംസ : | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യവസായ പരിശീലന വകുപ്പിനുകീഴിൽ എത്ര ഐ.ടി.ഐ. കൾ ആണുള്ളത്; സ്വകാര്യ മേഖല, സർക്കാർ മേഖല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) സംസ്ഥാനത്ത് വ്യവസായിക പരിശീലന വകുപ്പിനുകീഴിൽ സർക്കാർ മേഖലയിൽ 73 സർക്കാർ ഐ.ടി.ഐ. കൾ ഉണ്ട്. സ്വകാര്യ മേഖലയിൽ 455 പ്രൈവറ്റ് ഐ.ടി.ഐ. കൾ നിലവിലുണ്ട്. ഇവ കൂടാതെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 44 ഐ.ടി.ഐ. കളും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ 3 ഐ.ടി.ഐ. കളും കൂടി സർക്കാർ മേഖലയിൽ നിലവിലുണ്ട്. |
| (ബി) സംസ്ഥാന സർക്കാർ ഐ.ടി.ഐ. കളുടെ നിലവിലെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്ത് വ്യവസായിക പരിശീലന വകുപ്പിനുകീഴിലുള്ള സർക്കാർ ഐ.ടി.ഐ. കളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>1. വ്യാവസായിക മേഖലയിലെ പുതു ചലനങ്ങൾ പരിശീലനാർത്ഥികൾക്ക് യഥാസമയം എത്തിക്കുന്നതിനായി വിവര സാങ്കേതിക വിദ്യയിലൂന്നിയ പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി "സ്മാർട്ട് ലേൺ" (വിർച്വൽ ക്ലാസ് റൂം) പദ്ധതി നടപ്പിലാക്കുന്നു.<br><br>2. പരിശീലനാർത്ഥികളുടെ ഹാജർ നിലവാരം മെച്ചപ്പെടുത്തുന്നതിന് 'ബയോ മെട്രിക് അറ്റൻഡൻസ് സിസ്റ്റം' നടപ്പിലാക്കിവരുന്നു.<br><br>3. പരിചയ സമ്പന്നരായ ഐ.ടി.ഐ. സർട്ടിഫിക്കറ്റുകാരുടെയും പുതുതായി ഐ.ടി.ഐ. സർട്ടിഫിക്കറ്റ് നേടുന്നവരുടെയും ജോലിസാദ്ധ്യത വർദ്ധിപ്പിക്കുന്നതിനായി www.skilljobs.kerala.gov.in എന്ന ജോബ് പോർട്ടൽ ആരംഭിച്ചു. കൂടാതെ ഇതിൽ ഔപചാരിക സർട്ടിഫിക്കറ്റ് നേടിയിട്ടില്ലാത്ത വിദഗ്ദ്ധ തൊഴിലാളികൾക്ക് ജോലി നേടുന്നതിന് "സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്" എന്ന സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. |

4. രണ്ട് ഗവൺമെന്റ് ഐ.ടി.ഐ. കളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 21 ഗവൺമെന്റ് ഐ.ടി.ഐ. കളിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ (ക്യൂ.സി.ഐ) യുമായി ചേർന്ന് സാദ്ധ്യതാ പഠനം തുടങ്ങി കഴിഞ്ഞു.

5. സംസ്ഥാനത്തെ ഓരോ ഐ.ടി.ഐ. യുടെയും വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി എല്ലാ ഐ.ടി.ഐ. കൾക്കും വെബ്സൈറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു.

6. ദേശീയ – അന്തർദേശീയ നിലവാരമുള്ള കമ്പനികളുമായി ചേർന്ന്/സഹകരിച്ച് ആധുനിക മേഖലയിൽ പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) നിലവിൽ ഐ.ടി.ഐ. കളിലെ കോഴ്സുകൾ കാലിക പ്രാധാന്യമില്ലാത്തതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിനായി എന്തെല്ലാം പുതിയ കോഴ്സുകൾ ആണ് സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഐ.ടി.ഐ. കളിൽ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.റ്റി) രൂപ കല്പന ചെയ്ത പാഠ്യ പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇത് ദേശീയ തലത്തിലുള്ള പാഠ്യപദ്ധതിക്ക് സമാനമായി നടപ്പിലാക്കുന്നതിനാൽ സംസ്ഥാനത്തിനു മാത്രമായി ഭേദഗതി വരുത്തുവാൻ കഴിയുകയില്ല. എന്നിരുന്നാലും കഴിവതും ഡിമാന്റ് ഉള്ള ട്രേഡുകൾ/കോഴ്സുകൾ ആണ് പരിശീലിപ്പിച്ചുവരുന്നത്. പദ്ധതിയിൽ കാണപ്പെടുന്ന പോരായ്മകൾ യഥാസമയം NCVT യുടെ ശ്രദ്ധയിൽ പെടുത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ